# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-03-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്നു, പ്രകോപനമുണ്ടായാൽ ശക്തമായ തിരിച്ചടിയെന്ന് യു എസ് പ്രസിഡന്റ്, പൗരൻമാർക്കായി സുരക്ഷാ നിർദ്ദേശം പുറപ്പെടുവിച്ച് ഇന്ത്യൻ എംബസികൾ .

**Tensions continue in West Asia, US President warns of strong response in case of provocation, Indian Embassies issue security advisories for citizens.**

2. ഇന്ത്യയുടെ യോഗയും സംഗീതവും അതിർത്തികൾക്ക് അതീതമായായി ലോകരാഷ്ട്രങ്ങളെ ബന്ധിപ്പിക്കുന്നതായി ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ; തൃശ്ശൂരിൽ ചേതന ഗാനാശ്രമത്തിന് ഉപരാഷ്ട്രപതി തറക്കല്ലിട്ടു.

**Vice President C.P. Radhakrishnan states that India's Yoga and Music connect nations beyond borders; Vice President lays the foundation stone for Chetana Ganasramam in Thrissur.**

3. രാജ്യമെമ്പാടും ഏറ്റവും മികച്ച അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ കേന്ദ്ര സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി, പുതുച്ചേരിയിൽ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

**Prime Minister Narendra Modi says the central government is giving special importance to providing the best infrastructure across the country, PM launches various development projects in Puducherry.**

4. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കായുള്ള മാതൃക ടൗൺഷിപ്പ് ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

**Chief Minister Pinarayi Vijayan inaugurated the first phase of the model township for the Mundakai-Churalmala disaster victims.**

5. ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ട് പോരാട്ടത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും.

**India will face West Indies in the T-20 World Cup Cricket Super Eights clash today.**

&&&&&&&&&&&&&&&&&

**US ISRAEL-IRAN WAR**

അമേരിക്ക - ഇസ്രായേൽ സംയുക്ത വ്യോമാക്രമണത്തിൽ ഇറാന്റെ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനേയി കൊല്ലപ്പെട്ടതായി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. രാജ്യത്തെ തിരിച്ചുപിടിക്കാൻ ഇറാനിയൻ ജനതയ്ക്ക് ലഭിച്ച ഏറ്റവും വലിയ അവസരമാണിതെന്ന് ട്രംപ് വ്യക്തമാക്കി. എന്നാൽ ഇറാന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും പ്രകോപനം ഉണ്ടായാൽ അതിശക്തമായ തിരിച്ചടി ഉണ്ടാകുമെന്നും ട്രംപ് സമൂഹ മാധ്യമത്തിൽ കുറിച്ചു. പരമോന്നത നേതാവിൻറെ മരണത്തിന് തങ്ങൾ ശക്തമായ മറുപടി നൽകുമെന്ന ഇറാനിയൻ നേതൃത്വത്തിൻറെ പ്രസ്താവനയ്ക്ക് പിന്നാലെയാണ് ട്രംപിൻറെ പ്രതികരണം.

അമേരിക്കയും ഇസ്രയേലും നടത്തുന്ന സംയുക്ത ആക്രമണത്തിൽ നിലവിൽ 210 പേരോളം കൊല്ലപ്പെട്ടതായും 700 ഇലധികം പേർക്ക് പരിക്കേറ്റതായുമാണ് റിപ്പോർട്ട്. അബു ദാബി,ബഹ്റൈൻ ,കുവൈറ്റ് എന്നി രാജ്യങ്ങളിലും ആക്രമണം റിപ്പോർട്ട് ചെയ്യിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE-1

**MEA ADVISORY -(INTRO)**

*പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ എംബസികൾ പൗരന്മാർക്കായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. അടിയന്തിര ഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി ഹെല്പ് ലൈൻ നമ്പറുകളും ഇമെയിൽ ഐഡികളും സജ്ജമാക്കിയിട്ടുണ്ട്.*

*വിശദാംശങ്ങളിലേക്ക് ---*

***(VO)***

*ഇസ്രായേലിലുള്ള ഇന്ത്യൻ പൗരന്മാർ സമയബന്ധിതമായ സഹായവും ആശയവിനിമയവുംസാധ്യമാക്കുന്നതിന്* ***indembassyisrael.gov.in/indian_national_reg*** *എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് ഇസ്രായേലിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയം ആവശ്യപ്പെട്ടു. ഇറാനിലെ ഇന്ത്യൻ പൗരന്മാർ അതീവ ജാഗ്രത പാലിക്കണമെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി നിർദ്ദേശിച്ചു. യു എ ഇ, സൗദി അറേബ്യ, ഖത്തർ, സിറിയ,ബാഗ്ദാദ്, പലസ്തീൻ, കുവൈറ്റ്, ബഹ്റൈൻ, ജോർദാൻ എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളും പൗരന്മാർക്കായി ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. അനാവശ്യമായ യാത്രകൾ ഒഴിവാക്കാനും, കഴിയുന്നത്ര വീടുകളിൽ തന്നെ തുടരാനും ഇന്ത്യക്കാരോട് അഭ്യർത്ഥിച്ചു. ഇസ്രായേലിലെ ഇന്ത്യൻ എംബസിയെ +972-54-7520711 , +972-54-2428378 എന്നീ നമ്പറുകളിലോ* ***cons1.telaviv@mea.gov.in*** *എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്. ടെഹ്റാനിൽ സഹായം ആവശ്യമായുള്ളവർ +989128109115, +989128109109, +989128109102 ,+989932179359 എന്നീ നമ്പറുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. അബുദബിയിലെ ഇന്ത്യൻ എംബസി സേവനങ്ങൾ 800-46342 എന്ന ടോൾ ഫ്രീ നമ്പറിലോ, +971543090571 എന്ന വാട്സാപ്പ് നമ്പർ മുഖേനെയോ തേടാവുന്നതാണ്. റിയാദിലെ ഇന്ത്യൻ എംബസി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെല്പ് ലൈൻ സേവനം സജ്ജമാക്കിയിട്ടുണ്ട്. 800 247 1234 എന്ന ടോൾ ഫ്രീ നമ്പറിൽ സഹായം തേടാവുന്നതാണ്. ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&&

## MEA INDIAN RESPONSE

ഇറാനിലും ഗൾഫ് മേഖലയിലുമുണ്ടായ സംഭവവികാസങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക പ്രകടിപ്പിച്ചു. രാജ്യങ്ങൾ സംയമനം പാലിക്കാനും, സാധാരണക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകാനും അഭ്യർത്ഥിച്ചു. സംഘർഷങ്ങൾ കുറയ്ക്കുന്നതിനും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ചർച്ചയും നയതന്ത്രവും പിന്തുടരണമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&

## CHINA – CALL FOR CEASEFIRE

ഇറാൻ - ഇസ്രായേൽ സംഘർഷം ഉടൻ അവസാനിപ്പിക്കണമെന്നും വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ട് ചൈന. ആക്രമണങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ചൈനീസ് വിദേശകാര്യ മന്ത്രാലയം, ചർച്ചകൾ പുനരാരംഭിക്കണമെന്നും നിർദേശിച്ചു. ഇറാന്റെ പരമാധികാരം, സുരക്ഷ, പ്രദേശിക സമഗ്രത എന്നിവയെ മാനിക്കണമെന്ന് മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## MEA-ADVISORY

ഇന്ത്യയിൽ നിലവിൽ കഴിയുന്ന വിദേശ പൗരന്മാർക്ക് വീസ കാലയളവ് നീട്ടൽ അടക്കമുള്ള സേവനങ്ങൾക്കായി മാർഗ നിർദേശങ്ങൾ പുറത്തിറക്കി വിദേശകാര്യ മന്ത്രാലയം. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്താണ് നടപടി. സഹായം ആവശ്യമായവർക്ക് തൊട്ടടുത്തുള്ള Foreigners Regional Registration Office (FRRO) സന്ദർശിക്കാമെന്നു നിർദേശങ്ങളിൽ പറയുന്നു.ബ്യൂറോ ഓഫ് ഇമിഗ്രേഷൻ വെബ്സൈറ്റിലും സേവനം ലഭ്യമാണ്.

&&&&&&&&&&&&&&&&&

## MOCA-FLIGHTS CANCELLED

പശ്ചിമേഷ്യയിലെ സംഘർഷ സാഹചര്യത്തിൽ ഇന്ന് 444 വിമാന സർവീസുകൾ റദ്ദാക്കാൻ സാധ്യതയെന്ന് വ്യോമയാന മന്ത്രാലയം.

പശ്ചിമേഷ്യൻ മേഖലയിലേക്കുള്ള വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവച്ചതായി എയർ ഇന്ത്യ അറിയിച്ചു. വിമാനങ്ങളുടെ തൽസ്ഥിതി എയർ ഇന്ത്യയുടെ വെബ്സൈറ്റിൽ പരിശോധിക്കാനാകും. തിരുവനന്തപുരം, കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള മുഴുവൻ വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

**NORKA**

സംഘർഷ സാഹചര്യത്തിൽ, പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. സഹായം ആവശ്യമുള്ളവർക്ക് +91-880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും, 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

&&&&&&&&&&&&&&&&&

**HEADLINE-2**

**VP - THRISSUR ( INTRO)**

*ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന്റെ കേരള സന്ദർശനം തുടരുന്നു; തൃശ്ശൂരിൽ ഇന്ന് പരിസ്ഥിതി സൗഹൃദ സംഗീത ക്യാമ്പസായ ചേതന ഗാനാശ്രമത്തിന്റെ ശിലാസ്ഥാപനം അദ്ദേഹം നിർവഹിച്ചു. ഇന്ത്യയുടെ യോഗയും സംഗീതവും രാഷ്ട്രീയത്തിനും അതിർത്തികൾക്കും അതീതമായാണ് ലോകരാഷ്ട്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. രാജ്യത്തിന്റെ പ്രാചീന തത്വചിന്തയായ വസുധൈവ കുടുംബകം എന്ന ആശയമാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.*

*( വോയിസ്...ഉപരാഷ്ട്രപതി .)*

*രാവിലെ കുട്ടനല്ലൂർ സി. അച്യുതമേനോൻ ഗവ. കോളേജ് ഹെലിപാഡിൽ എത്തിയ ഉപരാഷ്ട്രപതിയെ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേകർ, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു എന്നിവർ ചേർന്നാണ് സ്വീകരിച്ചത്.*

&&&&&&&&&&&&&&&&&&

## HEADLINE-3

## REV. PM – TN/PUDUCHERRY

പുതുച്ചേരിയിൽ രണ്ടായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിച്ചു. രാജ്യമെമ്പാടും ഏറ്റവും മികച്ച അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിൽ പ്രത്യേക പ്രാധാന്യം നൽകി വരുന്നതായി അദ്ദേഹം പറഞ്ഞു. ഈ വർഷത്തെ ബജറ്റിൽ 12 ലക്ഷം കോടി രൂപയാണ് അടിസ്ഥാന സൌകര്യ വികസനത്തിനായി മാറ്റിവച്ചിരിക്കുന്നതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ശ്രീ അരബിന്ദോയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നടക്കുന്ന ആഗോള ആത്മീയ മഹോത്സവവും ശ്രീ മോദി ഉദ്ഘാടനം ചെയ്തു. പുതുച്ചേരിയിലെ പരിപാടിക്ക് ശേഷം പ്രധാനമന്ത്രി തമിഴ്നാട്ടിലെ മധുരയിലേക്ക് പോകും. മധുരയിൽ, നാലായിരത്തി 400 കോടിയിലധികം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും. തമിഴ്നാട്ടിലെ പ്രക്ഷേപണ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, കുംഭകോണം, യേർക്കാട്, വെല്ലൂർ എന്നിവിടങ്ങളിൽ മൂന്ന് പുതിയ ആകാശവാണി എഫ്എം റിലേ ട്രാൻസ്മിറ്ററുകൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. മധുരയിൽ എൻഡിഎയുടെ റാലിയെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

## CM – WAYANAD ( INTRO )

***വയനാട് പുനരധിവാസത്തിന്റെ ഭാഗമായി ബാക്കിയുള്ള വീടുകളും ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കി കൈമാറുമെന്ന് മുഖ്യമന്ത്രി***

*പിണറായി വിജയൻ. എല്ലാവരുടെയും ഭാഗത്ത് നിന്നും നല്ല സഹകരണവും പിന്തുണയും സർക്കാരിന് ലഭിച്ചതായും അദ്ദേഹം പറഞ്ഞു. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിന് കൽപ്പറ്റ എൽസ്റ്റ എസ്റ്റേറ്റിൽ ഒരുക്കിയ മാതൃക ടൗൺഷിപ്പിന്റെ ഒന്നാംഘട്ട ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 178 വീടുകളാണ് ആദ്യഘട്ടത്തിൽ കൈമാറുന്നത്. ( വോയിസ്.....)*

&&&&&&&&&&&&&&&&&&

**SIR**

സംസ്ഥാനത്ത്, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബന്ധപ്പെട്ട ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

&&&&&&&&&&&&&&&&&&

**HEADLINE-5**

**ICC T20 WORLD CUP**

ടി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ എട്ട് പോരാട്ടത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. വൈകിട്ട് 7 മണിക്ക് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്കയോട് പരാജയപ്പെട്ട് പാകിസ്ഥാൻ ലോകകപ്പിൽ നിന്ന് പുറത്തായി. ഇതോടെ മൂന്ന് പോയിന്റുമായി ന്യൂസിലൻഡ് സെമിയിലെത്തി.

&&&&&&&&&&&&&&&&&&

**AATTUKAL PONGALA – RAILWAY**

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. മറ്റെന്നാൾ വരെ വാഹന പാർക്കിങ് കർശനമായി നിയന്ത്രിക്കും. പുനർനിർമാണ പ്രവർത്തനങ്ങൾ കാരണം പവർ ഹൗസ് റോഡ് വശം പൂർണമായി അടച്ചു. യാത്രക്കാർ തമ്പാനൂർ ഭാഗത്തുള്ള പ്രവേശന കവാടങ്ങൾ ഉപയോഗിക്കണം. തീർത്ഥാടകരുടെ സൗകര്യാർത്ഥം കൊല്ലം ഭാഗത്തേക്കുള്ള ട്രെയിനുകൾ — ഒന്ന് മുതൽ നാല് വരെയുള്ള പ്ലാറ്റ്ഫോമുകളിൽ നിന്നും, നാഗർകോവിൽ ഭാഗത്തേക്കുള്ള ട്രെയിനുകൾ — പ്ലാറ്റ്ഫോം അഞ്ചിൽ നിന്നും പുറപ്പെടും.

&&&&&&&&&&&&&&&&&

## RAILWAY HOLI INSPECTION

ഹോളി ഉത്സവ സീസൺ കണക്കിലെടുത്ത് ന്യൂഡൽഹി, ആനന്ദ് വിഹാർ ടെർമിനൽ റെയിൽവേ സ്റ്റേഷനുകളിലെ പ്രത്യേക സൗകര്യങ്ങൾ നോർത്തേൺ റെയിൽവേ ജനറൽ മാനേജർ രാജേഷ് കുമാർ പാണ്ഡെ വിലയിരുത്തി. റെയിൽവേ സുരക്ഷാ സേന ഉദ്യോഗസ്ഥരുമായും സ്റ്റേഷൻ ജീവനക്കാരുമായും യാത്രക്കാരുമായും അദ്ദേഹം നേരിട്ട് സംവദിച്ചു. തിരക്ക് സമയങ്ങളിൽ യാത്രക്കാർ ജാഗ്രത പാലിക്കണമെന്നും റെയിൽവേ അറിയിപ്പുകൾ ശ്രദ്ധിക്കണമെന്നും ശ്രീ രാജേഷ് കുമാർ പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&